**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4501** **29-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ യുവജനങ്ങൾക്കുള്ള സ്റ്റാർട്ടപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ യുവജനങ്ങൾക്കായി സ്റ്റാർട്ടപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി Scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിന് ഉതകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് ഡ്രീംസ്. ഇതിന്റെ നടത്തിപ്പ് ചുമതല ഇക്കാര്യത്തിൽ പരിചയ സമ്പത്തുള്ളതും, സംരംഭകത്വ ആവാസ വ്യവസ്ഥ സ്ഥാപിക്കുന്നതിനുള്ള കേരള സർക്കാരിന്റെ നോഡൽ ഏജൻസിയുമായ കേരള സ്റ്റാർട്ട്അപ്പ് മിഷനാണ്. പദ്ധതിയുടെ ഭാഗമായി പട്ടികജാതി വികസന വകുപ്പിന്റെ തിരുവനന്തപുരം മണ്ണന്തലയിലുള്ള അംബേദ്കർ ഭവനിൽ 5000 ച.അടി സ്ഥലം ആവശ്യമായ സൗകര്യങ്ങളോടെ ഇൻക്യുബേഷൻ സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. നാമമാത്രമായ ലൈസൻസ് ഫീസ് മാത്രമാണ് പട്ടികജാതി വിഭാഗത്തിലുള്ളവരിൽ നിന്നും ഈടാക്കുന്നത്. റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട് പദ്ധതി പട്ടികജാതി വിഭാഗങ്ങളിലുള്ളവർക്കായി ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമാണ്. നിലവിൽ 4 സംരംഭകർക്കായി 20 ലക്ഷം രൂപ ആദ്യഗഡുവായി പ്രത്യേക സീഡ് ഫണ്ടായി ലഭ്യമാക്കിയിട്ടുണ്ട്. 2016 മുതൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനത്തിൽ ഇതുവരെ 36 സ്റ്റാർട്ടപ്പുകൾക്ക് ഇൻക്യുബേഷൻ പിന്തുണയും 55 സ്റ്റാർട്ട്അപ്പുകൾക്ക് മെന്റർഷിപ്പ് പിന്തുണയും നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിലെ യുവജനങ്ങൾക്കായി പ്രത്യേക സ്റ്റാർട്ടപ്പ് പദ്ധതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നില്ല |
| (ബി) | സ്റ്റാർട്ടപ്പ് തുടങ്ങുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ യുവജനങ്ങൾക്ക് പരിശീലനം | (ബി) | സ്റ്റാർട്ട്അപ്പ് ഡ്രീംസ് പദ്ധതിയിൽ സാങ്കേതിക പരിജ്ഞാനമുള്ള മെന്റർമാരുടെ സേവനം ഉൾപ്പെടെ മികച്ച ഉൽപന്നം വികസിപ്പിക്കുന്നതിനും അവ മികച്ച |

| | | | |
|---|---|---|---|
| | നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | | രീതിയിൽ വിപണനം നടത്തുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശം, വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികൾ എന്നിവ ഈ പദ്ധതിയുടെ ഭാഗമാകുന്നവർക്ക് ലഭ്യമാണ്. നൂതന ആശയമോ ഉല്പന്നമോ ഉള്ളവരെയാണ് മേൽപ്പറഞ്ഞ പരിശീലനത്തിനായി എടുക്കുന്നത്. കേരള സ്റ്റാർട്ട്അപ്പ് മിഷന്റെ എല്ലാ പദ്ധതികളുടെയും ആനുകൂല്യം സ്റ്റാർട്ട് അപ്പ് ഡ്രീംസിലുള്ളവർക്കും ലഭിക്കും. ഓരോ സ്റ്റാർട്ട് അപ്പിനുമായി അനുവദിക്കുന്ന അടിസ്ഥാന സൗകര്യങ്ങളിൽ അതിവേഗ ഇന്റർനെറ്റും, പ്ലഗ് ആൻഡ് പ്ലേയ് വർക്ക് സ്റ്റേഷനും, കോൺഫറൻസ് റൂം, മീറ്റിംഗ് റൂം ഉൾപ്പെടെയുള്ള കോമൺ ഫെസിലിറ്റീസും സ്റ്റാർട്ടപ്പ് ഡ്രീംസിൽ ലഭ്യമാണ്. നിലവിൽ സ്റ്റാർട്ട്അപ്പ് ഡ്രീംസ് ഇൻകുബേറ്ററിൽ നാലാമത്തെ ബാച്ച് ആയി 11 സ്റ്റാർട്ട് അപ്പുകളാണ് ലഭ്യമായിട്ടുള്ളത്. ഇതിൽ 10 സ്റ്റാർട്ട്അപ്പുകളും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. പ്രീ ഇൻകുബേഷൻ വിഭാഗത്തിൽ 3 മുതൽ 6 മാസം കാലയളവ് വരെയും ഇൻകുബേഷൻ വിഭാഗത്തിൽ 11 മാസം വരെയുമാണ് നൽകി വരുന്നത്. ഇതിനുശേഷം സ്റ്റാർട്ട്അപ്പുകൾ കൂടുതൽ സമയപരിധി ആവശ്യപ്പെടുന്ന മുറയ്ക്ക് വിലയിരുത്തലുകളോടെ കാലയളവ് ദീർഘിപ്പിക്കുന്നതുമാണ്. |
| (സി) | സ്റ്റാർട്ടപ്പ് തുടങ്ങുവാൻ പട്ടികജാതി പട്ടികവർഗ്ഗ വനിതകൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) | സ്റ്റാർട്ട്അപ്പ് ഡ്രീംസ് പദ്ധതികളുടെ ഭാഗമായി വനിതാ സംരംഭകർക്ക് മാത്രമായി പ്രത്യേക ആനുകൂല്യങ്ങളൊന്നും നിലവിലില്ല. എന്നാൽ കേരള സ്റ്റാർട്ട്അപ്പ് മിഷനിലൂടെ സംസ്ഥാന സർക്കാർ നൽകി വരുന്ന യുവ സംരംഭകത്വ പദ്ധതിയുടെ എല്ലാ ആനുകൂല്യങ്ങളും സ്റ്റാർട്ട്അപ്പ് ഡ്രീംസ് പദ്ധതിയുടെ ഭാഗമാകുന്നവർക്കും ലഭ്യമാണ്. പർച്ചേസ്/വർക്ക് ഓർഡറുകൾക്ക് വിധേയമായി അതിവേഗ സീഡ് ഫണ്ട്, വനിതാ സംരംഭകർക്കായി യുവസംരംഭകത്വ പദ്ധതിയുടെ ഭാഗമായി നിലവിലുണ്ട്. ഈ ആനുകൂല്യം സ്റ്റാർട്ട്അപ്പ് ഡ്രീംസ് പദ്ധതിയിലെ വനിതാ സംരംഭകർക്ക് ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ